# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം22/568/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 25/03/2021
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം22/568/2021 തീയ്യതി: 25/03/2021

## മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2020 മുതൽ 15-02-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-03-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീഷ് സതീഷ് മാവേലി പുത്തൻവീട് | ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.) | 26-02-2021 | 06-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-02-2021 | 06-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ. മുഹമ്മദ് അലി. എം, ഓഡിറ്റ് ഓഫീസർ
2. ശ്രീ. മുസ.ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ശ്രീ. അഷ്റഫ് കെ.പി. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4. ശ്രീ. യൂസഫ്.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ (02-03-21 മുതൽ 06-03-2021 വരെ )
5.ശ്രീമതി. ജിഷ കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (26-02-21 മുതൽ 01-03-2021 വരെ )
6.ശ്രീ. അമീൻ ഫൈസൽ ടി.ടി, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഹബീബ കരുവള്ളി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ പ്രേമലത | സെക്രട്ടറി ഇൻ ചാർജ് | 01-04-2019 | 24-04-2019 |
| ശ്രീ. പി കെ രാജീവ് | സെക്രട്ടറി | 25-04-2019 | 31-03-2020 |
| ശ്രീമതി. കെ പ്രേമലത | അസി. സെക്രട്ടറി | 01-04-2019 | 31-05-2019 |
| (ഒഴിവ്) | അസി. സെക്രട്ടറി | 01-06-2019 | 25-07-2019 |
| ശ്രീ. മുഹമ്മദ് ബഷീർ എ | അസി. സെക്രട്ടറി | 26-07-2019 | 31-03-2020 |
| ശ്രീ. ഉണ്ണികൃഷ്ണൻ ആർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. വിമല പി പി | അസി. എൻജിനീയർ | 01-04-2019 | 21-07-2019 |
| ശ്രീ. മൊയ്തു പി | അസി. എൻജിനീയർ | 22-07-2019 | 31-03-2020 |
| ഡോ. ബിനു ശശീന്ദ്രൻ | മെഡിക്കൽ ഓഫീസർ (PHC) | 01-04-2019 | 31-03-2020 |
| ഡോ. ബിന്ദു വിജയൻ | മെഡിക്കൽ ഓഫീസർ (GAD) | 01-04-2019 | 31-03-2020 |
| ശ്രീമതി. അജിന | വി ഇ ഒ | 01-04-2019 | 19-07-2019 |
| | | | |

| | | | |
|---|---|---|---|
| ശ്രീ. രാജു പി | വി ഇ ഒ | 20-07-2019 | 31-03-2020 |
| ശ്രീമതി സ്മിത ജെയിംസ് | ഡി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ഡോ.സജിത്ത് പി | വെറ്റിനറി സർജ്ജൻ | 01-04-2019 | 01-10-2019 |
| ഡോ റീം റഷീദ് | വെറ്റിനറി സർജ്ജൻ | 02-10-2019 | 31-03-2020 |
| ശ്രീ അഷ്റഫ് | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി സരള എംസി | ICDS സൂപ്പർവൈസർ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 24-03-2021) | 1-1 |
| 2 | യാഥാർത്ഥ്യ ബോധമില്ലാത്ത ബജറ്റ്<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Asharaf.K.P (Asst. Audit Officer, On 11-03-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രിക<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 24-03-2021) | 1-2 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mohammed Ali M (Audit Officer, On 17-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 24-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Mohammed Ali M (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mohammed Ali M (Audit Officer, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ameen Faisal.T.T (Senior Grade Auditor, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-6 |
| 8 | ക്ഷേമ പെൻഷൻ<br>Written By: Ameen Faisal.T.T (Senior Grade Auditor, On 11-03-2021)<br>Last Updated By: Ameen Faisal.T.T (Senior Grade Auditor, On 13-03-2021) | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Mohammed Ali M (Audit Officer, On 17-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 24-03-2021) | 1-8 |
| 10 | അഭ്യന്തര നിയന്ത്രണം<br>Written By: Mohammed Ali M (Audit Officer, On 16-03-2021)<br>Last Updated By: Mohammed Ali M (Audit Officer, On 18-03-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Mohammed Ali M (Audit Officer, On 17-03-2021)<br>Last Updated By: Mohammed Ali M (Audit Officer, On 17-03-2021) | 1-10 |
| 12 | വാർഷിക കണക്ക് പരിശോധന -അപാകതകൾ<br>Written By: Asharaf.K.P (Asst. Audit Officer, On 11-03-2021)<br>Last Updated By: Asharaf.K.P (Asst. Audit Officer, On 11-03-2021) | 1-11 |
| 13 | FAR– പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് 3,73,450/-രൂപയടെ നഷ്ടം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-12 |
| 14 | കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-12-1 |
| 15 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം<br>Written By: E.Moosa (Asst. Audit Officer, On 12-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-13 |
| 16 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 06-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-14 |
| 17 | ഹാൻഡ് റെയിൽ പ്രവൃത്തി- അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 07-03-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | |
| 18 | അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നില്ല.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 16-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-16 |
| 19 | ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 21529 രൂപ തിരിച്ചടവാക്കി<br>Written By: E.Moosa (Asst. Audit Officer, On 07-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-17 |
| 20 | ക്ഷീര വികസന വകുപ്പ് വിഹിതം ഉൾപ്പെടുത്താതെ സബ്സിഡി നൽകി<br>Written By: Yousuf.P (Senior Grade Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-18 |
| 21 | മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല<br>Written By: Yousuf.P (Senior Grade Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-19 |
| 22 | ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കണം<br>Written By: Mohammed Ali M (Audit Officer, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-20 |
| 23 | എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Mohammed Ali M (Audit Officer, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-21-1 |
| 24 | എസ്.എസ്.എ വിഹിതം SCP - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Mohammed Ali M (Audit Officer, On 14-03-2021)<br>Last Updated By: Mohammed Ali M (Audit Officer, On 14-03-2021) | 1-21-2 |
| 25 | കിണറിന് മുകളിൽ ഗ്രിൽ- അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 1-22 |
| **ഭാഗം 2** | | |
| 1 | FAR – പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് 3,73,450/-രൂപയടെ നഷ്ടം.<br>Written By: Ameen Faisal.T.T (Senior Grade Auditor, On 10-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 2-1 |
| **ഭാഗം 3** | | |
| 1 | ഹാൻഡ് റെയിൽ പ്രവൃത്തി- അധിക തുക നൽകി<br>Written By: E.Moosa (Asst. Audit Officer, On 11-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Yousuf.P (Senior Grade Auditor, On 14-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 24-03-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Yousuf.P (Senior Grade Auditor, On 14-03-2021)<br>Last Updated By: Yousuf.P (Senior Grade Auditor, On 15-03-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Yousuf.P (Senior Grade Auditor, On 14-03-2021)<br>Last Updated By: Yousuf.P (Senior Grade Auditor, On 15-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021) | 4-4 |

| | | |
|---|---|---|
| | Last Updated By: Yousuf.P (Senior Grade Auditor, On 15-03-2021) | |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Yousuf.P (Senior Grade Auditor, On 15-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Yousuf.P (Senior Grade Auditor, On 15-03-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Yousuf.P (Senior Grade Auditor, On 18-03-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം.<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 24-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Yousuf.P (Senior Grade Auditor, On 15-03-2021)<br>Last Updated By: Satheesh Maveli (Deputy Director, On 25-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20വർഷത്തെ പുതുക്കിയ ബജറ്റ് 23-03-2020 തിയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-1-1 യാഥാർത്ഥ്യ ബോധമില്ലാത്ത ബജറ്റ്

ബജറ്റ് പ്രകാരമുള്ള വരവുചെലവുകളും യഥാർത്ഥത്തിലുള്ള വരവുചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ബജററ് പ്രകാരം മുൻബാക്കിയുൾപ്പെടെ വരവ് 10,98,12,488/- രൂപയും ചെലവ് 10,29,98,826/- രൂപയുമാണ്. എന്നാൽ യഥാർത്ഥ വരവ് 4,81,20,813/-രൂപയും ചെലവ് 3,90,83,866/-രൂപയും മാത്രമാണ്. സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിൽ തയ്യാറാക്കുന്ന പുതുക്കിയ ബജററ് യഥാർത്ഥ വരവുചെലവു കണക്കുകളുമായി ചേർന്നു നിൽക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ഭാവിയിൽ ബജറ്റ് തയ്യാറാക്കുന്നതിനും, അംഗീകരിക്കപ്പെട്ട ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഇത് തയ്യാറാക്കുന്ന ബജറ്റിൽ പ്രതിഫലിക്കേണ്ടതുമാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31-07-2020 | 04-05-2020 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8257772 |
| ഓഡിറ്റ് വർഷത്തെ വരവ് | 39863041 |
| ആകെ | 48120813 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 39083866 |
| നീക്കിയിരിപ്പ് | 9036947 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 6870225 | 6870225 | 5532797 | 1337428 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3090000 | 3090000 | 2332844 | 757156 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18329,000 | 18329000 | 8284301 | 10044699 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3251000 | 3251000 | 1980211 | 1270789 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5700405 | 5700405 | 4471750 | 1228655 |
| ട്രഡീഷണൽ ഫംഗ്ഷൻസ് ഫണ്ട് | | 7429864 | 7429864 | 1216820 | 6213044 |

| | | | | | |
|---|---|---|---|---|---|
| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച് ) ശുചിത്വമിഷൻ ഗ്രാന്റ് | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ട്(ഇനം തിരിച്ച് ) എസ് എസ് എ | | | | | |
| മറ്റേണിറ്റി ബെനിഫിറ്റ് ഫണ്ട് | | | | | |
| കേന്ദ്രാവിഷ്കൃതഫണ്ട് (ഇനം തിരിച്ച് ) | | | | | |
| ഐ സി ഡി എസ് | 78464 | 838457 | 916921 | 337808 | 579113 |
| ടി എസ് സി | 1524697 | 520830 | 2045527 | 1169464 | 876063 |
| മറ്റു ഗ്രാന്റുകൾ,അവാർഡുകൾ (ഇനം തിരിച്ച് ) | | | | | |
| ബി.ഫണ്ട് | 0 | 30694200 | 30694200 | 30694200 | 0 |
| നിർമ്മൽ പുരസ്കാരം | | | | | |
| ജലനിധി | | | | | |
| വിമുക്തി | | | | | |
| മറ്റു അവാർഡ് | | | | | |

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രവുമായി ഒത്ത് നോക്കിയതിൽ ഗ്രാന്റ് അപ്രോപ്രിയേഷൻ രജിസ്റ്റർ പ്രകാരമുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നുണ്ട്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത്(എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പിലാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്കുകളുടെ % |
|---|---|---|---|---|---|---|
| 199 | 62522584 | 150 | 28095815 | 49 | 0 | 75% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 1678 | 965559 | 967237 | 742883 | 224354 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 6025503 | 6025503 | 6025503 | 0 |
| ആകെ | 1678 | 6991062 | 6992740 | 6768386 | 224354 |

## 1-7 ക്ഷേമ പെൻഷൻ

| പെൻഷൻ | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 198 | 2851200 |
| വാർദ്ധ്യക്യകാല പെൻഷൻ | 879 | 12667200 |
| | | |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 303 | 4363200 |
| 50 വയസിനുമുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 172800 |
| വിധവാ പെൻഷൻ | 722 | 10396800 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26-02-2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. കളക്ഷൻ തുക അതാത് ദിവസം തന്നെ ബാങ്കിൽ അടവാക്കുന്നതിനാൽ കാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 അഭ്യന്തര നിയന്ത്രണം

1.അർഹമായ തനത് വരുമാനം ഈടാക്കുന്നതിൽ ജാഗ്രതക്കുറവ് (ഖ.1-12)
2.എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രോജക്ടുകളുടെ ആധിക്യം- നിർവ്വഹണം പാളുന്നു.ചെലവ് ശതമാനം 27.55 മാത്രം (ഖ.1-13)
3.ആസ്തി സംരക്ഷണത്തിന് മെയിന്റനൻസ് പ്ലാൻ തയ്യാറാക്കുന്നില്ല. (ഖ.1-13)
4.റോഡ് കണക്ട് വിറ്റി പ്ലാനും മാപ്പും തയ്യാറാക്കുന്നില്ല. (ഖ.1-13)
5.സെക്യൂരിറ്റി രജിസ്റ്റർ, ഇ.എം.ഡി.രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല(ഖ.1-13)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.2.21 – 25.2.21 | 01.4.2020 മുതൽ 31.5.2020 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.5.2006 – 28.5.2006 | 1997-98 മുതൽ 2005-06 വരെ | 21.6.2006 |

## 1-11 വാർഷിക കണക്ക് പരിശോധന -അപാകതകൾ

2019-20 വർഷത്തെ അക്കൗണ്ട് സർട്ടിഫിക്കേഷന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1- ബാലൻസ് ഷീറ്റിലെ ബി-15 പ്രകാരം ലൈബ്രറി സെസ്സിനത്തിൽ ലഭിക്കേണ്ട തുക 8841 രൂപ എന്നാണ് കാണിച്ചിരിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ 8244 രൂപയേ ലഭിക്കാനുള്ളൂ.

2- വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള വസ്തുനികുതി അഡ്വാൻസ് കളക്ഷൻ ,തൻവർഷ കളക്ഷൻ, നീക്കിബാക്കി എന്നിവ സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

3- 2015-16,16-17 വർഷങ്ങളിലായി മഴക്കാല പൂർവ്വ ശുചീകരണത്തിനായി മുൻകൂറായി നൽകിയ തുക നാളിത് വരെ ക്രമീകരിക്കാതെ ബാലൻസ് ഷീറ്റിലെ ബി- 18 -ൽ ഉൾപ്പെടുത്തി വരുന്നതായി കാണുന്നു.

4- ഇൻകം & എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിലെ I-14(A) പ്രകാരം 69,91,062 രൂപയാണ് എം.ജി.എൻ.ആർ.ഇ.ജി.എസിന്റെ ആകെ ചെലവായി കാണിച്ചിരിക്കുന്നത്. എന്നാൽ എം.ജി. എൻ. ആർ. ഇ.ജി.എസിന്റെ കാഷ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ ചെലവ് 92,06,000 രൂപയാണ്.

5-സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

6- ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി.4 -ൽ സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ തുകയിൽ 260248 രൂപയാണ് ബാധ്യതയായി രേഖപ്പെടുത്തിയിരിക്കുന്നത്.എന്നാൽ പ്രസ്തുത ഇനത്തിൽ 281562 രൂപ നീക്കിയിരിപ്പുണ്ട്.

## 1-12 FAR- പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന്

3,73,450/-രൂപയുടെ നഷ്ടം.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-3 പ്രകാരം ശ്രീ. മുജീബ് റഹ്മാൻ, കുറ്റീരി വീട്, വടക്കാങ്ങര എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ രണ്ടാംനിലയുടെ നിർമ്മാണം ക്രമവൽക്കരിക്കുകയും, 11/529/BU മുതൽ 11/529/CO വരെയുള്ള നമ്പറുകൾ അനുവദിച്ച് വസ്തു നികുതി ചുമത്തുകയും ചെയ്തതിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിട നമ്പറുകൾക്ക് [11/529/BU മുതൽ 11/529/CO വരെയുള്ള] വാസഗൃഹത്തിനു ബാധകമായിട്ടുള്ള നിരക്കിലാണ് [3രൂപ/M2] വസ്തു നികുതി ചുമത്തിയിരുന്നത് എന്നും, ക്രമ വൽക്കരണത്തിന് വേണ്ടി ലൈസൻസി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച രേഖകൾ പ്രകാരം കെട്ടിടത്തിന്റെ രണ്ടാം നില ലോഡ്ജ് ഒക്യുപൻസിയിൽ [Special Residence-A2] ഉൾപ്പെടുന്നതാണെന്നും, ആയതിനാൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ചുമത്തുന്നതിന് പകരം വാസഗൃഹത്തിനു ബാധകമായിട്ടുള്ള നിരക്കിൽ വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല എന്നതായിരുന്നു ഓഡിറ്റ് പരാമർശം.

ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പരിശോധന നടത്തി പ്രസ്തുത കെട്ടിടം 2017-18 വരെ വാസഗൃഹം എന്ന വിഭാഗത്തിൽ [A1 ഗ്രൂപ്പ്] ഉപയോഗിക്കുകയും, 2018-19 മുതൽ ആയത് ലോഡ്ജ് ഉപയോഗ ക്രമത്തിലേക്ക് മാറ്റിയതായും, റിപ്പോർട്ട് ചെയ്തു [ഫയൽ നമ്പർ A7/3889/2019]. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ 04.12.2019-ലെ 10/1 നമ്പർ തീരുമാന പ്രകാരം, 2015-16 മുതൽ 2017-18 വരെ വാസഗൃഹത്തിനു ബാധകമായിട്ടുള്ള നിരക്കിൽ [3രൂപ/M2] വസ്തു നികുതി ചുമത്തിയത് ശരിവെക്കുന്നതിനും, 2018-19 മുതൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ചുമത്തി ഈടാക്കുന്നതിന് അംഗീകാരം നൽകാനും തീരുമാനമെടുത്തു. ഉപയോഗക്രമം മാറ്റി നൽകിയപ്പോൾ (സഞ്ചയയിലെ ഡിജിറ്റൽ സിഗ്നേച്ചർ തീയതി 15-12-2019) ചുവടെ ചേർത്തിട്ടുള്ള സംഗതികൾ പാലിച്ചിട്ടില്ല.

1. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ബാധകമായ അധിക ഫീസ് [FAR – പ്രകാരമുള്ള അധിക ഫീസ്] ഈടാക്കിയിട്ടില്ല. [വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.]
2. 2018-19 സാമ്പത്തിക വർഷം മുതൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ഈടാക്കുന്നതിന് പകരം 2019-20 മുതൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. [ഖണ്ഡിക 1-12-1 കാണുക]

FAR – പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

2018-19 മുതൽ കെട്ടിടത്തിന്റെ രണ്ടാം നില A2 ഗ്രൂപ്പിലേക്ക് [Special Residence] മാറ്റിയിട്ടുണ്ട്. കെട്ടിടത്തിന്റെ ബാക്കിയുള്ള ഭാഗങ്ങൾ ഗ്രൂപ്പ് F-ൽ [Commercial] ഉൾപ്പെടുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗിസ് റൂൾസിലെ ചട്ടം 35(2), പട്ടിക 2 പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ ഗ്രൂപ്പ് A2, ഗ്രൂപ്പ് F വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ നിർമ്മാണം നടത്തുന്നതിനുള്ള FAR (Floor Area Ratio) യഥാക്രമം 1.50, 2.75-ഉം ആണ്. കൂടാതെ ചട്ടം 35-2(iii) പ്രകാരം 0.5 ഹെക്ടർ വരെ വിസ്തീർണമുള്ള പ്ലോട്ടുകളിൽ ഒന്നിലധികം വിഭാഗത്തിൽപ്പെടുന്ന നിർമ്മാണങ്ങളുണ്ടെങ്കിൽ, അതിൽ ഏറ്റവും നിയന്ത്രണമുള്ള വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ FAR മൊത്തം നിർമ്മാണത്തിനും ബാധകമായിരിക്കണമെന്നും നിഷ്കർശിച്ചിട്ടുണ്ട്.

മേൽ കെട്ടിടത്തിന്റെ ബേസ്മെന്റ്, ഗ്രൌണ്ട്, I നിലകൾ വാണിജ്യ വിഭാഗത്തിലും (ഗ്രൂപ്പ് F), II-ാം നില ലോഡ്ജിംഗ് ഹൌസ് (ഗ്രൂപ്പ് A2) വിഭാത്തിലുമാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ആയതിനാൽ ചട്ടം 35-2(iii) പ്രകാരം മൊത്തം നിർമ്മാണത്തിനും ഗ്രൂപ്പ് A2 വിഭാഗത്തിൽപ്പെട്ട നിർമ്മാണത്തിന്റെ FAR ബാധകമാക്കേണ്ടതും, 1.5-ന് മുകളിൽ ഫ്ലോർ ഏരിയ റേഷ്യോയുള്ളതിനാൽ അധികമുള്ള വിസ്തീർണത്തിന്മേൽ അധിക ഫീസ് (Rs 5000/ M2) ഈടാക്കേണ്ടതുമാണ്. എന്നാൽ അധികമുള്ള വിസ്തീർണത്തിന് പട്ടിക പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Regularisation | File No: A7/591/2019 & A7/3889/2019 | |
|---|---|---|
| Area [As Per Approved Plan] | Floor | Floor Area |
| | BF | 00 |
| | GF | 946.51 M2 |
| | FF | 927.91 M2 |
| | SF | 937.77 M2 |
| | Total | 2812.19 M2 |

| | |
|---|---|
| Plot Area [Possession Certificate No. 31797179/ 02.05.2018] | 1825 M2 |
| FAR | 2812.19/1825= 1.5409 |
| അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന വിസ്തീർണം | 1.5*1825=2737.5 M2 |
| അധിക ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം | 2812.19 – 2737.5 = 74.69 M2 |
| ഈടാക്കേണ്ട അധിക ഫീസ് (@5000/ M2) | 3,73,450/- രൂപ. (74.69*5000) |

അധിക ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള 3,73,450/- രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.

മേൽ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.01/03.03.2021) ലഭ്യമാക്കിയ മറുപടിയിൽ വിസ്തീർണ്ണത്തിനുള്ള തുക അടവാക്കുന്നതിനും വിശദീകരണത്തിനും കെട്ടിട ഉടമക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടി അറിയിക്കുന്നതുമാണെന്ന് അറിയിച്ചു. നഷ്ടത്തുക ഇ ൗടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-12-1 കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കി.

//കുറിപ്പ്: ഖണ്ഡിക 1-12 ന്റെ ആദ്യ ഭാഗം കൂടി കാണുക//

2018-19 സാമ്പത്തിക വർഷം മുതൽ മേൽ കെട്ടിടത്തിന് [11/529/BU മുതൽ 11/529/CO വരെയുള്ള നമ്പറുകൾക്ക്] ലോഡ്ജ് ഒക്യുപൻസിക്ക് ബാധകമായ നിരക്കിൽ വസ്തു നികുതി ഈടാക്കേണ്ടതാണെന്ന് സെക്രട്ടറി റിപ്പോർട്ട് ചെയ്യുകയും, ആയതിന് പഞ്ചായത്ത് ഭരണസമിതിയുടെ 04.12.2019-ലെ 10/1 നമ്പർ തീരുമാന പ്രകാരം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 മുതൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ചുമത്തുന്നതിന് പകരം 2019-20 മുതൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത്. 2018-19 ൽ കുറഞ്ഞ നിരക്കിൽ മാത്രം വസ്തു നികുതി ഈടാക്കിയത് മൂലം [ചതുരശ്ര മീറ്ററിന് 20/-രൂപക്ക് പകരം 3/- രൂപ നിരക്കിൽ] പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം ഈടാക്കേണ്ടതാണ്.

സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷം മുതൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ഈടാക്കണമെന്ന പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനത്തിന് വിരുദ്ധമായി കുറഞ്ഞ നിരക്കിൽ മാത്രം വസ്തു നികുതി ഈടാക്കിയത് സെക്രട്ടറിയുടെ ഭാഗത്തുന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തു നികുതി ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുള്ള നഷ്ടം ഈടാക്കേണ്ടതും, ഭരണ സമിതി തീരുമാനം നടപ്പാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

മേൽ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.01/03.03.2021) ലഭ്യമാക്കിയ മറുപടിയിൽ വിസ്തീർണ്ണത്തിനുള്ള തുക അടവാക്കുന്നതിനും വിശദീകരണത്തിനും കെട്ടിട ഉടമക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടി അറിയിക്കുന്നതുമാണെന്ന് അറിയിച്ചു. നഷ്ടത്തുക ഇ ൗടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 119പദ്ധതികൾ തയ്യാറാക്കിയതിൽ 66 പ്രൊജക്ടുകളാണ് നടപ്പിലാക്കിയത്. വിഭാവനം ചെയ്ത പദ്ധതികളിൽ 55.46% ശതമാനം പദ്ധതികളാണ് നടപ്പാക്കിയത്. ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 48 എണ്ണം സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. അവയിൽ 9 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 119 | ആകെ അടങ്കൽ | 32452768 |
| നടപ്പിലാക്കിയത് | 66 | ചെലവ് | 8941128 |
| ശതമാനം | 55.46 | ചെലവ് ശതമാനം | 27.55% |

1. പ്രൊജക്ടുകളുടെ ആധിക്യം നിർവ്വഹണത്തെ ബാധിക്കുന്നു.

ഗ്രാമ പഞ്ചായത്തിൽ 1 അസിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയറും അടക്കം ആകെ 3 ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ 2019-20 വാർഷിക പദ്ധതിയുടെ 50% ൽ അധികം

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കാനുള്ള പദ്ധതികളാണ്. ഈ പ്രൊജക്ടുകളുടെയെല്ലാം എസ്റ്റിമേറ്റ് തയ്യാറാക്കൽ, തുടർന്ന് പ്രവൃത്തിയുടെ മേൽ നോട്ടം വഹിക്കൽ, ബില്ല്, അളവ് പുസ്തകം എഴുതൽ എന്നിവയെല്ലാം ചെയ്യേണ്ടത് ഈ മൂന്ന് പേർ ചേർന്നാണ്. കൂടാതെ ഗ്രാമ പഞ്ചായത്തിലെ 13 വാർഡുകളിലെയും കെട്ടിട നമ്പറിങ്ങുമായി ബന്ധപ്പെട്ടും വളരെയധികം ജോലികൾ എഞ്ചിനീയറിങ് വിഭാഗത്തിന് വരുന്നുണ്ട്. പരിമിതമായ ജീവനക്കാർ മാത്രമായതും പ്രവൃത്തികളുടെ ബാഹുല്യവും പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും, ഗുണമേന്മ ഉറപ്പ് വരുത്തി ചെയ്യുന്നതിനും തടസ്സമാകും എന്ന് വ്യക്തമാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2- 2.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

3. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2. പൂർത്തീകരിച്ച പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

4. 1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ

രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 2019-20 വർഷത്തിൽ ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| 1 | പോത്ത്കുണ്ട് പള്ളിപ്പടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (64/20) | 500000 | 4 പേർ | 1000 | 4000 |
| 2 | കരുവള്ളിക്കാട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (70/20) | 500000 | 4പേർ | 1000 | 4000 |
| 3 | പള്ളിപ്പടി പോത്ത്കുണ്ട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (54/20) | 500000 | 4പേർ | 1000 | 4000 |
| 4 | അമ്പലപ്പടി ലക്ഷം വീട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (61/20) | 950000 | 2പേർ | 1900 | 3800 |
| | ആകെ | | | | 19800 |

9/6.3.2021 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് തുക തിരികെ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ജില്ലാ പഞ്ചായത്ത എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകി. തുക തിരികെ ലഭ്യമായാൽ വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഹാൻഡ് റെയിൽ പ്രവൃത്തി- അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച വിവിധ പ്രവൃത്തികളുടെ ഭാഗമായി റോഡ് സൈഡിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചതിന് വെൽഡിംഗ് ഉൾപ്പെടുന്ന വ്യത്യസ്ത DSR കോഡുകൾ പ്രകാരമുള്ള നിരക്കുകളാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിലൊന്നും തന്നെ വെൽഡിങ് ഉൾപെടുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ 4.3.2021 ന് സ്ഥല പരിശോധന നടത്തിയപ്പോൾ വ്യക്തമായി. കോൺക്രീറ്റ് പോസ്റ്റ് നിർമ്മിച്ച് അതിനുള്ളിലൂടെ GI പൈപ്പ് സ്ഥാപിക്കുക മാത്രമാണ് ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത്.

ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| അത്തിക്കാട് അംഗൻവാടി റോഡ് സൈഡ് സംരക്ഷണം ഫണ്ട് എം.ജി. (R) (163/20) അടങ്കൽ 93109<br>ഭരണാനുമതി 1(1) തീയ്യതി 7.9.2018<br>സാങ്കേതികാനുമതി. 116974/2018-19 തീയ്യതി 29.9.2018<br>കരാർ 33/18-19 തീയ്യതി. 21.11.2018<br>ബിൽ 1/24.7.2019 തുക 93109<br>അളവ് പുസ്തകം 63/18-19 | 272.86Kg | 34956<br>@128.11/Kg<br>6.891% ടെണ്ടർ കുറവിന് ശേഷം DSR10.26.3 പ്രകാരമുള്ള അടിസ്ഥാന നിരക്ക് 137.59/കി.ഗ്രാം | 25444<br>@93.25/Kg | 9512 |

| | | | | |
|---|---|---|---|---|
| കരാറുകാരൻ<br>ശ്രീ.അബ്ബാസ്.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 37.25% | | | | |
| അത്തിക്കാട് അംഗൻവാടി റോഡ് സൈഡ് സംരക്ഷണം (200/20)<br>അടങ്കൽ 50000<br>ഫണ്ട് എം.ജി. (R)<br>ഭരണാനുമതി 1(3) തീയ്യതി 30.8.2019<br>സാങ്കേതികാനുമതി. 90462/2019-20 തീയ്യതി 26.9.2019<br>കരാർ 33/18-19 തീയ്യതി. 16.11.2019<br>ബിൽ 91/20.3.2020 തുക 49327<br>അളവ് പുസ്തകം 33/18-19<br>കരാറുകാരൻ ശ്രീ.ഹനീഫ.ടി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 213.841Kg | 29268<br>@136.87/Kg<br>ഒബ്സർവ്ഡ് ഡാറ്റാ | 21416<br>@100.15/Kg | 7852 |
| മണിയറക്കാട് കുറുക്കൻകുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (165/20)<br>അടങ്കൽ 49835<br>ഫണ്ട് CFC<br>ഭരണാനുമതി 1(2) തീയ്യതി 26.11.2018<br>സാങ്കേതികാനുമതി. 102726/2018-19 തീയ്യതി 13.12.2018<br>കരാർ 103/18-19 തീയ്യതി. 30.01.2019<br>ബിൽ 26/8.9.2019 തുക 49835<br>അളവ് പുസ്തകം 103/18-19<br>കരാറുകാരൻ<br>ശ്രീ.ഹാരിസ്.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 37.25% | 154.87 | 21288<br>@137.46<br>DSR50.10.1<br>പ്രകാരമുള്ള നിരക്ക് | 15510<br>@100.15 | 5778 |
| ആകെ | | | | 23142 |

4/4.3.2021 നമ്പറായി ഓഡിറ്റ് എൻക്വയറി നൽകിയതിന് - അധിക തുക തിരികെ ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

കുറിപ്പ്:-

ഹാൻഡ് റെയിൽ പ്രവൃത്തിക്ക് നൽകാവുന്ന (DSR10.26.3) നിരക്കിൽ നിന്ന് വെൽഡിംഗ് ചാർജ്, കൂലി എന്നിവ കുറച്ചാണ് നഷ്ട തുക കണക്കാക്കിയത്.

## 1-16 അനധികൃത കെട്ടിട നിർമ്മാണങ്ങൾ നിയന്ത്രിക്കുന്നില്ല.

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ സാമ്പത്തിക വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിനേക്കാൾ കൂടുതൽ കെട്ടിടങ്ങൾ, പെർമിറ്റില്ലാതെ നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷം റെഗുലറൈസേഷൻ നടത്തിയതായി ബോധ്യപ്പെട്ടു. സെക്രട്ടറിയുടെ മുൻകൂർ അനുമതി ലഭ്യമാക്കാതെയാണ് കൂടുതൽ നിർമ്മാണങ്ങളും പഞ്ചായത്ത് പ്രദേശത്ത് നടക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. സെക്രട്ടറിയുടെ മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് പരിധിയിൽ യാതൊരു നിർമ്മാണ പ്രവർത്തികളും നടത്താൻ പാടില്ലെന്ന് കേരള പഞ്ചായത്ത് രാജ് നിയമം/ ചട്ടങ്ങൾ, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ ഇത്തരം പെർമിറ്റ് കൂടാതെ നടക്കുന്ന അനധികൃത നിർമ്മാണങ്ങളിൽ കെട്ടിട നമ്പർ ആവശ്യമായി വരുന്നവ മാത്രമാവും [പുതിയ നിർമ്മാണങ്ങൾ] നിയമാനുസൃതം അപേക്ഷ നൽകി ക്രമവൽക്കരിക്കപ്പെടുന്നത്. പ്രത്യേകം കെട്ടിട നമ്പറുകൾ ആവശ്യമില്ലാത്ത നിർമ്മാണങ്ങൾ, അതായത് നിലവിലെ കെട്ടിടങ്ങളോട് കൂട്ടി ചേർത്തുള്ള നിർമ്മാണങ്ങളിൽ ഭൂരിഭാഗവും നിയമാനുസൃതം ക്രമവൽക്കരിക്കാതെ തന്നെ ഉപയോഗിക്കാവുന്നതാണ്. അത്തരം സംഗതികളിൽ ബിൽഡിംഗ് പെർമിറ്റ്, വസ്തു നികുതി തുടങ്ങിയ പഞ്ചായത്തിന്റെ തനത് വരുമാനങ്ങളിൽ ചോർച്ചയുണ്ടാവുന്നു.
ഫീൽഡ് പരിശോധനകൾ കാര്യക്ഷമമാക്കി സെക്രട്ടറിയിൽ നിന്നും മുൻകൂർ അനുമതി കൂടാതെ പഞ്ചായത്ത് പ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതും, അനുമതി കൂടാതെ ഏതെങ്കിലും നിർമ്മാണങ്ങൾ നടക്കുന്നത് ഫീൽഡ് പരിശോധനകളിൽ ബോധ്യപ്പെടുന്ന പക്ഷം ആയത് നിയമാനുസൃതം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 ചെയ്യാത്ത പ്രവൃത്തികൾക്ക് തുക നൽകി.ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 21529 രൂപ തിരിച്ചടവാക്കി

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി ഫ്ലഷിങ് സിസ്റ്റം ഉൾപെടെയുള്ള 4 വാട്ടർ ക്ലോസറ്റ്, 4വാട്ടർ ടാപ്പ് (പിച്ചള) എന്നിവ സ്ഥാപിച്ചതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ 5.3.2021, 6.3.2021 തീയ്യതികളിൽ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാന്നിധ്യത്തിൽ പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ ഫ്ലഷിങ് സിസ്റ്റം ഇല്ലാതെയുള്ള 4 വാട്ടർ ക്ലോസറ്റ്, PVC വാട്ടർ ടാപ്പ് എന്നിവയാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ബോധ്യമായി. ഓഡിറ്റ് എൻക്വയറി 5/4.3.21,6/5.3.21 നൽകിയതിനെ തുടർന്ന് അധികം നൽകിയ 21529 രൂപ 16.3.21 തീയ്യതിയിലെ 1200104802/GI00803 Rs 7374, 1200104803/GI00803 Rs 9057, 17.3.21 തീയ്യതിയിലെ 1200104818/GI00803 Rs 5098 എന്നീ രസീതുകൾ മുഖേന ഗ്രാമ പഞ്ചായത്തിൽ തിരിച്ചടക്കുകയുണ്ടായി.
അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

| പ്രവൃത്തി വിവരം | അധിക തുക നൽകിയതിന്റെ വിവരം | അധികം |
|---|---|---|
| പോത്ത്കുണ്ട് GLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം (174/20)<br>ഭരണാനുമതി 1(2)തീയ്യതി 1.2.2019<br>സാങ്കേതികാനുമതി. 115195/2018-19 തീയ്യതി 15.2.2019 തുക 495000<br>കരാർ 116/18-19 തീയ്യതി. 8.3.2019<br>ചെക്ക് 24.7.2019 തുക 444914<br>അളവ് പുസ്തകം 23/19-20,24/19-20<br>കരാറുകാരൻ ശ്രീ.മുഹമ്മദാലി.ടി 8.37% കുറവ് | ക്ലോസറ്റ്-4എണ്ണം<br>വാട്ടർ ടാപ്പ് പിച്ചള -4എണ്ണം | 7495<br><br>923 |

| | | |
|---|---|---|
| കോസ്റ്റ് ഇൻഡക്സ് 37.25% | | |
| കാച്ചിനിക്കാട് AMLP സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മാണം (174620)<br>ഭരണാനുമതി 1(2)തീയ്യതി 1.2.2019<br>സാങ്കേതികാനുമതി. 115196/2018-19 തീയ്യതി 15.2.2019 തുക 495000<br>കരാർ 119/18-19 തീയ്യതി.108.6.2019<br>ചെക്ക് 24.7.2019 തുക 392217<br>അളവ് പുസ്തകം 42/19-20,45/19-20<br>കരാറുകാരൻ ശ്രീ.അബ്ദുസ്സമദ്.പി 12.86% കുറവ് | ക്ലോസറ്റ്-4എണ്ണം<br>വാട്ടർ ടാപ്പ് പിച്ചള-4എണ്ണം | 7127<br>878 |
| കോസ്റ്റ് ഇൻഡക്സ് 37.25% | | |
| കുടുംബശ്രീ ഓഫീസ് ടോയ്‌ലറ്റ് നിർമ്മാണവും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തലും (159/20)<br>ഭരണാനുമതി 4(2) തീയ്യതി 6.4.2018<br>സാങ്കേതികാനുമതി. 98311/2018-19 തീയ്യതി 9.11.2018<br>കരാർ 92/18-19 തീയ്യതി. 18.1.2019 എസ്റ്റിമേറ്റ് നിരക്ക്<br>ബിൽ 1/24.7.2019 തുക 93109<br>അളവ് പുസ്തകം 92/18-19<br>കരാറുകാരൻ ശ്രീ.ഹനീഫ.ടി | ക്ലോസറ്റ്-2എണ്ണം<br>വാട്ടർ ടാപ്പ് പിച്ചള-4എണ്ണം | 4090<br>1008 |
| കോസ്റ്റ് ഇൻഡക്സ് 37.25% | | |
| ആകെ | | 21521 |

## 1-18 ക്ഷീര വികസന വകുപ്പ് വിഹിതം ഉൾപ്പെടുത്താതെ സബ്സിഡി നൽകി

പ്രോജക്ട്.SO120/20 , ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി

അടങ്കൽ :

വികസന ഫണ്ട് (ജനറൽ) : 1,50,000/-

ബ്ലോക്ക് പഞ്ചായത്ത് വിഹിതം : 50,000/-

ആകെ : 2,00,000/-

ബിൽ നം.: 1)GPCB No.03/19-20 (19151152031900866328/25.11.19): 82466-00 (ബ്ലോ.പ.വിഹിതം)

2)GPCB No.05/19-20 (19151152031901073394/13.01.20): 17534-00 (ബ്ലോ.പ.വിഹിതം)

3)GPCB No.06/19-20 (19151152031901073600/13.01.20): 26470-00 (വി.ഫണ്ട് ജനറൽ)

4)GPCB No.07/19-20 (19151152031901554825/19.03.20): 13774-00 (വി.ഫണ്ട് ജനറൽ)

5)GPCB No.08/19-20 (19151152031901554828/19.03.20): 9756-00 (വി.ഫണ്ട് ജനറൽ)

ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററിനു 4 രൂപ നിരക്കിൽ കർഷകർക്ക് സബ്സിഡി നൽകുന്നതിനാണ് സബ്സിഡി മാർഗ്ഗരേഖ (14.02.18ലെ സ.ഉ.(കൈ).നം.22/2018/ത.സ്വ.ഭ.വ-സബ്സിഡി നിരക്കുകൾ ഭാഗം 6.2.8) നിർദ്ദേശിക്കുന്നത്. എന്നാൽ ഏപ്രിൽ, മെയ് ഒഴികെയുള്ള മാസങ്ങളിൽ സബ്സിഡി വിതരണം ചെയ്തത് ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടാതെ ലിറ്ററിന് 4 രൂപ നിരക്കിലാണ്. ഏപ്രിൽ,മെയ് മാസങ്ങളിൽ സഹകരണ സംഘത്തിൽ അളന്ന 7162 ലിറ്റർ പാലിനു 3/-രൂപ നിരക്കിൽ 21486

രൂപയാണ് വിതരണം ചെയ്തത്. ജൂൺ മുതൽ ഫെബ്രുവരി വരെ 32128.5 ലിറ്റർ പാലിനു 4/-രൂപ നിരക്കിൽ 128514രൂപയും വിതരണം ചെയ്തിട്ടുണ്ട്.

ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടുത്താതെ സബ്സിഡി പൂർണ്ണമായും (നാലു രൂപയും) പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് വിതരണം ചെയ്യാൻ അനുമതി നൽകുന്നതിന് സർക്കാർ പുറപ്പെടുവിച്ച മറ്റ് രേഖകളുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/06.03.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷീര വികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടുത്താത്തതിനാൽ 32128.5 രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും അധികം ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് അനുയോജ്യമല്ലാത്ത ചെലവ് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-19 മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണം നടത്തിയ പരിരക്ഷ പദ്ധതിയിൽ കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം പണം ഒടുക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്ട് | ബിൽ/ചെക്ക് നം. | തുക | പ്രൊഫോർമ ഇൻവോയ്സ് നം. | ആകെ ലഭിച്ച മരുന്നുകളുടെ വില | | ശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം. | മരുന്ന് വില | |
| 29/19 പരിരക്ഷ | 9/19 (19151152028600660588/9.10.19) | 2,00,000 | PRF579/ 30.07.19 | 1709/3.10.20 | 10555 | 151954 |
| | | | | 34063/18.2.21 | 6485 | |
| | | | | 2395/18.2.21 | 8017 | |
| | | | | 2191/2.2.21 | 5117 | |
| | | | | 29872/2.2.21 | 17872 | |
| | | | | ആകെ | 48046 | |

മേൽ പരാമർശിച്ച പ്രൊഫോർമ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.7/06.03.2021)നൽകി. മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരം ലഭ്യമാക്കുന്നതുവരെ 48046/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-20 ദുരിതാശ്വാസ നിധി കാര്യക്ഷമമാക്കണം

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്ന ഗ്രാമ പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായ വ്യക്തികൾക്ക് അടിയന്തിര സഹായം നൽകുന്നതിനായി ഒരു പ്രമേയം മൂലം, മറ്റ് ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. കലാ കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. നിധി കൈകാര്യം ചെയ്യുന്നതിനായി പ്രസിഡന്റ്, ഒരു മെമ്പർ, സെക്രട്ടറി, എന്നിവർ അടങ്ങുന്ന ഒരു സബ്കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ദുരിതമനുഭവിക്കുന്ന അർഹരായ വ്യക്തികൾക്ക് 500 രൂപ വരെ അടിയന്തിരസഹായം നൽകാൻ ചട്ടം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത്, മക്കരപ്പറമ്പ് സർവീസ് കോ ഓപറേറ്റീവ് ബാങ്കിൽ 22.01.2009 ന് 450 രൂപ നിക്ഷേപിച്ച് 0010202000009706 നമ്പർ അക്കൗണ്ട് തുടങ്ങി ഇപ്രകാരം ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ദുരിതാശ്വാസ നിധിയിൽ നിന്ന് നാളിതു വരെ യാതൊരു സഹായവും നൽകിയിട്ടില്ല. നിധിയിലേക്ക് തുക സമാഹരിക്കുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. 02.06.2009 വരെ ചെറിയ തുകകൾ (100,200,500 എന്നിങ്ങനെ) നിക്ഷേപിച്ചിരുന്നുവെങ്കിലും 30.09.09 നു ശേഷം അക്കൗണ്ടിൽ പലിശ വരവു മാത്രമേയുള്ളൂ.

ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കാത്തതിനാൽ സമൂഹത്തിലെ ജനങ്ങൾക്ക് ഇത് കൊണ്ടുള്ള പ്രയോജനം ലഭിക്കുന്നതിനുള്ള സാഹചര്യം ഇല്ലാതായി.

ദുരിതാശ്വാസ നിധി നല്ല രൂപത്തിൽ പരിപാലിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-21-1 എസ്.എസ്.എ വിഹിതം - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ, എസ്.എസ്.എ വിഹിതം നൽകൽ പ്രോജക്ട് മുഖേന 300000 രൂപ എസ്.എസ്.എ മലപ്പുറം ജില്ല പ്രോജക്ട് ഓഫീസർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ട്രഷറി ബിൽ നം/ തിയതി | തുക | ഫണ്ടിനം |
|---|---|---|---|
| S0002/20 എസ്.എസ്.എ വിഹിതം നൽകൽ | 19151152010300146749/ 31.05.19 | 300000 | വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം |

എന്നാൽ എസ്.എസ്.എ യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :10 /06.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 300000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-21-2 എസ്.എസ്.എ വിഹിതം SCP - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവഹണം നടത്തിയ, എസ്.എസ്.എ വിഹിതം നൽകൽ- SCP പ്രോജക്ട് മുഖേന 200000 രൂപ എസ്.എസ്.എ മലപ്പുറം ജില്ല പ്രോജക്ട് ഓഫീസർക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ട്രഷറി ബിൽ നം/തിയതി | തുക | ഫണ്ടിനം |
|---|---|---|---|
| S0004/20 എസ്.എസ്.എ വിഹിതം നൽകൽ - SCP | 19151152010300146751/ 31.05.19 | 200000 | വികസന ഫണ്ട് SCP |

എന്നാൽ എസ്.എസ്.എ യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം :10 /06.03.21) മറുപടി ലഭ്യമാക്കിയിട്ടില്ല. എസ്.എസ്.എ യിൽ നിന്ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. അതുവരെ ചെലവുതുക 200000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-22 കിണറിന് മുകളിൽ ഗ്രിൽ- അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പേഴുംപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പ്രവൃത്തി (132/20) യുടെ ഭാഗമായി കിണറിന് മുകളിലെ ഗ്രിൽ സ്ഥാപിച്ചതിന് DSR 9.48.1 പ്രകാരമുള്ള നിരക്ക് കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. 9.48.1 പ്രകാരമുള്ള നിരക്ക് കെട്ടിടങ്ങളുടെ ജനലിൽ ഗ്രില്ല് സ്ഥാപിക്കുന്നതിനുള്ളതാണ്. കിണറിന് മുകളിലെ ഗ്രിൽ നിർമ്മാണത്തിന് DSR 10.25.2 പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പേഴുംപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരണം (132/20)<br>അടങ്കൽ-100000/-<br>ഫണ്ട്- ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>ഭരണാനുമതി 1 തീയ്യതി 29.5.2017 | 146.94Kg | 21105<br>@143.63/Kg | 17335<br>@117.97/Kg | 3770 |

| | | | | |
|---|---|---|---|---|
| സാങ്കേതികാനുമതി. 105472/2017-18 തീയ്യതി 1.11.2017<br>ബിൽ 103/31.3.2020 തുക 21105<br>അളവ് പുസ്തകം 56/19-20<br>കരാറുകാരൻ ശ്രീ.മുഹമ്മദ് തസ്നീം<br>കോസ്റ്റ് ഇൻഡക്സ് 37.25% | | | | |

ഓഡിറ്റ് എൻക്വയറി 3/4.3.2021 നൽകിയതിന് – അധിക തുക ഈടാക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.

## ഭാഗം -2

### 2-1 FAR – പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല- പഞ്ചായത്ത് ഫണ്ടിന് 3,73,450/-രൂപയുടെ നഷ്ടം.

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-3 പ്രകാരം ശ്രീ. മുജീബ് റഹ്മാൻ, കുറ്റീരി വീട്, വടക്കാങ്ങര എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ രണ്ടാംനിലയുടെ നിർമ്മാണം ക്രമവൽക്കരിക്കുകയും, 11/529/BU മുതൽ 11/529/CO വരെയുള്ള നമ്പറുകൾ അനുവദിച്ച് വസ്തു നികുതി ചുമത്തുകയും ചെയ്തതിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത കെട്ടിട നമ്പറുകൾക്ക് [11/529/BU മുതൽ 11/529/CO വരെയുള്ള] വാസഗൃഹത്തിനു ബാധകമായിട്ടുള്ള നിരക്കിലാണ് [3രൂപ/M2] വസ്തു നികുതി ചുമത്തിയിരുന്നത് എന്നും, ക്രമ വൽക്കരണത്തിന് വേണ്ടി ലൈസൻസി സാക്ഷ്യപ്പെടുത്തി സമർപ്പിച്ച രേഖകൾ പ്രകാരം കെട്ടിടത്തിന്റെ രണ്ടാം നില ലോഡ്ജ് ഒക്യുപൻസിയിൽ [Special Residence-A2] ഉൾപ്പെടുന്നതാണെന്നും, ആയതിനാൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ചുമത്തുന്നതിന് പകരം വാസഗൃഹത്തിനു ബാധകമായിട്ടുള്ള നിരക്കിൽ വസ്തു നികുതി ചുമത്തിയത് ക്രമ പ്രകാരമല്ല എന്നതായിരുന്നു ഓഡിറ്റ് പരാമർശം.

ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി പരിശോധന നടത്തി പ്രസ്തുത കെട്ടിടം 2017-18 വരെ വാസഗൃഹം എന്ന വിഭാഗത്തിൽ [A1 ഗ്രൂപ്പ്] ഉപയോഗിക്കുകയും, 2018-19 മുതൽ ആയത് ലോഡ്ജ് ഉപയോഗ ക്രമത്തിലേക്ക് മാറ്റിയതായും, റിപ്പോർട്ട് ചെയ്തു [ഫയൽ നമ്പർ A7/3889/2019]. സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ 04.12.2019-ലെ 10/1 നമ്പർ തീരുമാന പ്രകാരം, 2015-16 മുതൽ 2017-18 വരെ വാസഗൃഹത്തിനു ബാധകമായിട്ടുള്ള നിരക്കിൽ [3രൂപ/M2] വസ്തു നികുതി ചുമത്തിയത് ശരിവെക്കുന്നതിനും, 2018-19 മുതൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ചുമത്തി ഈടാക്കുന്നതിന് അംഗീകാരം നൽകാനും തീരുമാനമെടുത്തു. ഉപയോഗക്രമം മാറ്റി നൽകിയപ്പോൾ ചുവടെ ചേർത്തിട്ടുള്ള സംഗതികൾ പാലിച്ചിട്ടില്ല.

1. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം ബാധകമായ അധിക ഫീസ് [FAR – പ്രകാരമുള്ള അധിക ഫീസ്] ഈടാക്കിയിട്ടില്ല [വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു].
2. 2018-19 സാമ്പത്തിക വർഷം മുതൽ ലോഡ്ജുകൾക്ക് ബാധകമായ നിരക്കിൽ [20/M2] വസ്തു നികുതി ഈടാക്കുന്നതിന് പകരം 2019-20 മുതൽ മാത്രമാണ് ഈടാക്കിയിട്ടുള്ളത് [ക്രമ നമ്പർ 2 സംബന്ധിച്ച പരാമർശം ഖണ്ഡിക 1-12-1 പ്രകാരം പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്].

FAR – പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല.

2018-19 മുതൽ കെട്ടിടത്തിന്റെ രണ്ടാം നില A2 ഗ്രൂപ്പിലേക്ക് [Special Residence] മാറ്റിയിട്ടുണ്ട്. കെട്ടിടത്തിന്റെ ബാക്കിയുള്ള ഭാഗങ്ങൾ ഗ്രൂപ്പ് F-ൽ [Commercial] ഉൾപ്പെടുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ്സ് റൂൾസിലെ ചട്ടം 35(2), പട്ടിക 2 പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിൽ ഗ്രൂപ്പ് A2, ഗ്രൂപ്പ് F വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് അധിക ഫീസ് കൂടാതെ നിർമ്മാണം നടത്തുന്നതിനുള്ള FAR (Floor Area Ratio) യഥാക്രമം 1.50, 2.75-ഉം ആണ്. കൂടാതെ ചട്ടം 35-2(iii) പ്രകാരം 0.5 ഹെക്ടർ വരെ വിസ്തീർണമുള്ള പ്ലോട്ടുകളിൽ

ഒന്നിലധികം വിഭാഗത്തിൽപ്പെടുന്ന നിർമ്മാണങ്ങളുണ്ടെങ്കിൽ, അതിൽ ഏറ്റവും നിയന്ത്രണമുള്ള വിഭാഗത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ FAR മൊത്തം നിർമ്മാണത്തിനും ബാധകമായിരിക്കണമെന്നും നിഷ്കർശിച്ചിട്ടുണ്ട്.

മേൽ കെട്ടിടത്തിന്റെ ബേസ്മെന്റ്, ഗ്രൌണ്ട്, I നിലകൾ വാണിജ്യ വിഭാഗത്തിലും (ഗ്രൂപ്പ് F), II-ാം നില ലോഡ്ജിംഗ് ഹൌസ് (ഗ്രൂപ്പ് A2) വിഭാത്തിലുമാണ് നിർമ്മാണം നടത്തിയിട്ടുള്ളത്. ആയതിനാൽ ചട്ടം 35-2(iii) പ്രകാരം മൊത്തം നിർമ്മാണത്തിനും ഗ്രൂപ്പ് A2 വിഭാഗത്തിൽപ്പെട്ട നിർമ്മാണത്തിന്റെ FAR ബാധകമാക്കേണ്ടതും, 1.5-ന് മുകളിൽ ഫ്ലോർ ഏരിയ റേഷ്യോയുള്ളതിനാൽ അധികമുള്ള വിസ്തീർണത്തിന്മേൽ അധിക ഫീസ് (Rs 5000/ M2) ഈടാക്കേണ്ടതുമാണ്. എന്നാൽ അധികമുള്ള വിസ്തീർണത്തിന് പട്ടിക പ്രകാരമുള്ള അധിക ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| Regularisation | File No: A7/591/2019 & A7/3889/2019 | |
| Area [As Per Approved Plan] | Floor | Floor Area |
| | BF | 00 |
| | GF | 946.51 M2 |
| | FF | 927.91 M2 |
| | SF | 937.77 M2 |
| | Total | 2812.19 M2 |
| Plot Area [Possession Certificate No. 31797179/ 02.05.2018] | 1825 M2 | |
| FAR | 2812.19/1825= 1.5409 | |
| അധിക ഫീസ് കൂടാതെ നിർമ്മിക്കാവുന്ന വിസ്തീർണം | 1.5*1825=2737.5 M2 | |
| അധിക ഫീസ് ഈടാക്കേണ്ട വിസ്തീർണ്ണം | 2812.19 – 2737.5 = 74.69 M2 | |
| ഈടാക്കേണ്ട അധിക ഫീസ് (@5000/ M2) | 3,73,450/- രൂപ. (74.69*5000) | |

അധിക ഫീസ് ഈടാക്കാത്തത് മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള 3,73,450/- രൂപയുടെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതാണ്.
[മേൽ പരാമർശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.01/03.03.2021) ലഭ്യമാക്കിയ മറുപടിയിൽ അധിക വിസ്തീർണ്ണത്തിനുള്ള തുക അടവാക്കുന്നതിനും വിശദീകരണത്തിനും കെട്ടിട ഉടമക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തുടർ നടപടി അറിയിക്കുന്നതുമാണെന്ന് അറിയിച്ചു. നഷ്ടത്തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

### 3-1 ഹാൻഡ് റെയിൽ പ്രവൃത്തി- അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച വിവിധ പ്രവൃത്തികളുടെ ഭാഗമായി റോഡ് സൈഡിൽ ഹാൻഡ് റെയിൽ സ്ഥാപിച്ചതിന് വെൽഡിംഗ് ഉൾപ്പെടുന്ന വ്യത്യസ്ത ഡി.എസ്.ആർ. കോഡുകൾ ഉൾപ്പെടുന്ന നിരക്കുകളാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തികളിലൊന്നും തന്നെ വെൽഡിങ് ഉൾപെടുന്നില്ല എന്ന് ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയറുടെ സാനിധ്യത്തിൽ 4.3.2021 ന് സ്ഥല പരിശോധന നടത്തിയപ്പോൾ വ്യക്തമായി. കോൺക്രീറ്റ് പോസ്റ്റ് നിർമ്മിച്ച് അതിനുള്ളിലൂടെ GI പൈപ്പ് സ്ഥാപിക്കുക മാത്രമാണ് ഈ പ്രവൃത്തികളിൽ ചെയ്തിട്ടുള്ളത്.

ആയതിനാൽ ഈ ഇനത്തിൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| അത്തിക്കാട് അംഗൻവാടി | 272.86Kg | 34956 | 25444 | 9512 |

| | | | | | |
|---|---|---|---|---|---|
| റോഡ് സൈഡ് സംരക്ഷണം (163/20)<br>അടങ്കൽ -93109<br>ഫണ്ട്- MG(R)<br>ഭരണാനുമതി 1(1) തീയ്യതി 7.9.2018<br>സാങ്കേതികാനുമതി. 116974/2018-19 തീയ്യതി 29.9.2018<br>കരാർ 33/18-19 തീയ്യതി. 21.11.2018<br>ബിൽ 1/24.7.2019 തുക 93109<br>അളവ് പുസ്തകം 63/18-19<br>കരാറുകാരൻ ശ്രീ.അബ്ബാസ്.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 37.25% | | @128.11/Kg<br>6.891% ടെണ്ടർ കുറവിന് ശേഷം DSR 10.26.3 പ്രകാരം അടിസ്ഥാന നിരക്ക് 137.59/കി.ഗ്രാം | @93.25/Kg | |
| അത്തിക്കാട് അംഗൻവാടി റോഡ് സൈഡ് സംരക്ഷണം (200/20)<br>അടങ്കൽ -50000<br>ഫണ്ട്- MG(R)<br>ഭരണാനുമതി 1(3) തീയ്യതി 30.8.2019<br>സാങ്കേതികാനുമതി. 90462/2019-20 തീയ്യതി 26.9.2019<br>കരാർ 33/18-19 തീയ്യതി. 16.11.2019<br>ബിൽ 91/20.3.2020 തുക 49327<br>അളവ് പുസ്തകം 33/18-19<br>കരാറുകാരൻ ശ്രീ.ഹനീഫ.ടി<br>കോസ്റ്റ് ഇൻഡക്സ് 31.06% | 213.841Kg | 29268<br>@136.87/Kg<br>(ഒബ്സർവ്ഡ് ഡാറ്റ) | 21416<br>@100.15/Kg | 7852 |
| മണിയറക്കാട് കുറുക്കൻകുന്ന് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (165/20)<br>അടങ്കൽ -49835<br>ഫണ്ട്- MG(R)<br>ഭരണാനുമതി 1(2) തീയ്യതി 26.11.2018<br>സാങ്കേതികാനുമതി. 102726/2018-19 തീയ്യതി | 154.87 | 21288<br>@137.46<br>DSR 50.10.1 പ്രകാരം അടിസ്ഥാന നിരക്ക് 137.46/കി.ഗ്രാം | 15510<br>@100.15 | 5778 |

| | | | | | |
|---|---|---|---|---|---|
| | 13.12.2018<br>കരാർ 103/18-19 തീയ്യതി. 30.01.2019<br>ബിൽ 26/8.9.2019 തുക 49835<br>അളവ് പുസ്തകം 103/18-19<br>കരാറുകാരൻ ശ്രീ.ഹാരിസ്.കെ.പി<br>കോസ്റ്റ് ഇൻഡക്സ് 37.25% | | | | |
| | ആകെ | | | | 23142 |

ഓഡിറ്റ് എൻക്വയറി 4/4.3.2021നൽകിയതിന് – അധിക തുക തിരിച്ചടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

കുറിപ്പ്:- ഹാൻഡ് റെയിൽ പ്രവൃത്തിക്ക് ബാധകമായ (DSR10.26.3) നിരക്കിൽ നിന്ന് വെൽഡിംഗ് ചാർജ്, കൂലി എന്നിവ കുറച്ചാണ് നഷ്ട തുക കണക്കാക്കിയിട്ടുള്ളത്.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2019-20 | 26.02.2021 മുതൽ 06.03.2021വരെ | കെ.എസ്.എ.എം.പി.എം.22/568/2021 തിയതി................ |

### 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 4,35,000 | പ്രോ.നം-17/20,ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് | 435000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,36,000 | പ്രോ.നം-20/20 നെൽകൃഷിക്ക് കൂലിച്ചലവ് | 0 | 1,36,000 |
| ജില്ലാ പഞ്ചായത്ത് | 3,40,380 | പ്രോ.നം-181/20ലൈഫ് ഭവന പദ്ധതി പ്രകാരം ഭൂമിയുള്ള ഭവന രഹിതർക്ക് വീട് നൽകൽ | 3,40,380 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2,50,000 | പ്രോ.നം-17/20, ഭിന്നശേഷി വിഭാഗം വിദ്യാർത്ഥികൾക്ക് പഠന സ്കോളർഷിപ്പ് | 2,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,36,000 | പ്രോ.നം-20/20നെൽ കൃഷി കൂലിച്ചെലവ് സബ്സിഡി | 1,36,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | പ്രോ.നം-120/20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1,00,000 | 0 |
| ആകെ | | | | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ, ചെക്ക് നമ്പർ, ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെഎസ്ഇബി | മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമതക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | | 1451518 | 1451518 | പൂർത്തീകരിച്ചു | ഇല്ല |
| കെഎസ്ഇബി | മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് വാർഡ് 4,8 എന്നിവിടങ്ങളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റുന്നതിന് തുക അടവാക്കൽ | | 36787 | 36787 | പൂർത്തീകരിച്ചു | ഇല്ല |
| ജി.ഡബ്ല്യൂ.ഡി | ജി.എൽ.പി.സ്കൂൾ,പോത്തുകുണ്ട് കുടിവെള്ള സൗകര്യത്തിന് കുഴൽ കിണർ നിർമ്മാണം | | 109135 | 109135 | പൂർത്തീകരിച്ചു | ഇല്ല |
| ജി.ഡബ്ല്യൂ.ഡി | വാർഡ്9 ലെ മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നീട്ടൽ | | 300000 | 300000 | പൂർത്തീകരിച്ചു | ഇല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബില്ല് നൽകാത്തതിന്റെ വിവരം

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ/ വൗച്ചർ നം. | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | | | ഇല്ല | | | | |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നമ്പർ | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻ ബാക്കി | തിരിച്ചടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | MN ലക്ഷം വീട് ലോൺ തിരിച്ചടവ് | 12646/DB1/15/LSGD Dtd. 31.03.2015 | 1750000 | 350000 | 350000 | 0 | 0 |
| 2 | ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ | 22718/ LSGD Dtd. 18.08.2018 | 992266 | 992266 | 191176 | 0 | 801090 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക ( പലിശ) | 0 |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നമ്പർ |
|---|---|---|
| മലപ്പുറം ജില്ലാ സഹകരണ ഹോസ്പിറ്റൽ ഷെയർ | 5000 | 853/10.12.1993 |

## 4-7 ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ/ തീയതി |
|---|---|---|---|---|
| 2018-19 | 3-1-1 | 3350 | ശ്രീമതി.വിമല.പി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 1200100773/ 25.11.2020 |
| 2018-19 | 3-1-2 | 2873 | ശ്രീമതി.വിമല.പി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 1200100773/ 25.11.2020 |
| 2018-19 | 3-2-2 | 2682 | ശ്രീമതി.വിമല.പി, അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. | 1200100773/ 25.11.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2000-01 | 47 | 2002-03 | VII.I.10.7(1) | കാചിനിക്കാട് കിഴക്കേടത്ത് റോഡ് ടാറിംഗ് |
| 2000-01 | 49 | 2002-03 | VII.I.10.7(1l) | മാരാത്ത് കുളമ്പ് റോഡ് രൂപീകരണം |
| 2000-01 | 60(1) | 2002-03 | VII.I.10.7(1V) | പാറക്കടവ് റോഡ് ടാറിംഗ് |
| 2000-01 | 62(2) | 2002-03 | VII.I.10.7(V) | കാഞ്ഞാംപാടം ജലസേചന പദ്ധതി |
| 2000-01 | 63(1) | 2002-03 | VII.I.10.7(V1) | തടത്തിൽകുണ്ട് പിലാപ്പറമ്പ് റോഡ് ടാറിംഗ് |
| 2000-01 | 64(A), (B) | 2002-03 | VII.I.10.7(V1) | ചോലക്കൽ കളമ്പേ് റോഡ് ടാറിംഗ് |
| 2000-01 | 70 | 2002-03 | VII.I.10.7(VII1) | പൊള്ളോട്ട് ചിറമണ്ണ് സംരക്ഷണം |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് /സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പറും തിയതിയും | തുക | |
| 1 | 00-01 | 29,31(A) | ശ്രീമതി പ്രേമലത | LF19478/Spl Cell/Sc5/04/30-1-17 | 2190 | 2119/- രൂപ 78076/12/3-5-17 രശീതി പ്രകാരം അടവാക്കിയിട്ടുണ്ട്. 71/-രൂപ ഒടുക്കാൻ ശേഷിക്കുന്നു. |

| | | | | | | |
|---|---|---|---|---|---|---|
| 2 | 98-99 | 29,32 | ശ്രീമതി കെ എസ് വൽസമ്മ | LF 19756 /Spl Cell /SC/5/ 03/ 19-4-04 | 976 | വിവരം ലഭ്യമല്ല |
| 3 | 98-99 | 33,35 | ശ്രീ.പി സുകുമാരൻ | LF 19756/ Spl Cell/SC/5/03/ 19-4-04 | 4776 | വിവരം ലഭ്യമല്ല |
| 4 | 99-00 | 38(1),40 | ശ്രീമതി കെ എസ് വൽസമ്മ | LF 741 /Spl Cell /SC/06/ 8-7-08 /11-7-08 | 21154 | OP 219/18, OP Allowed 30-11-17 |
| 5 | 99-00 | 32 | ശ്രീമതി മനബായി | LF 741/ Spl Cell/ SC/06/ 1-10-18 | 5913 | വിവരം ലഭ്യമല്ല |
| 6 | 02-03 | 10,17, 12(1) | ശ്രീമതി പ്രേമലത കെ | LF 22241 /Spl Cell/ Sc5/05 | 4652 | വിവരം ലഭ്യമല്ല |
| 7 | 97-98 | 32-2, 33,34(4), (5),35, 36(5), 42, 45,46, 50,51, 52,53, 54,55. | ശ്രീ.പി സുകുമാരൻ സെക്രട്ടറി | LF16691 /Spl Cell /Sc5/04/ 31-12-15 | 127344 | വിവരം ലഭ്യമല്ല |
| 8 | 02-03 | 10,12 (1),17 | ശ്രീ.എ എം മുഹമ്മദ് ബഷീർ സെക്രട്ടറി | LF22241 /Spl Cell/Sc 5/05/ 3-2-09 | 216+1296+3140 | 1512/- രൂപ(216+1296) 3992/17/7-3-16 രശീതി പ്രകാരം ഒടുക്കിയിട്ടുണ്ട്. 3140രൂപ ഒടുക്കുന്നതിന് ശേഷിക്കുന്നു. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 82,57,772 |
| ഓഡിറ്റ് വർഷത്തെ വരവ് | 3,98,63,041 |
| ആകെ | 4,81,20,813 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 3,90,83,866 |
| നീക്കിയിരിപ്പ് | 90,36,947 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,73,450 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,142 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,51,954 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവ് നഷ്ടം | ചെലവ് നഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 3,73,450 | -- | ശ്രീ. പി കെ രാജീവ് , ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 3-1 | -- | 23142 | ശ്രീ. മൊയ്തു പി ,അസി. എൻജിനീയർ |
| ആകെ | 3,73,450 | 23142 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 151954 | ഡോ.ബിനു ശശീന്ദ്രൻ,മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-21-1 | 300000 | ശ്രീ. പി കെ രാജീവ് , ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |
| 1-21-2 | 200000 | ശ്രീ. പി കെ രാജീവ് , ഗ്രാമ പഞ്ചായത്ത് സെക്രട്ടറി |

| ആകെ | 6,51,954 | |
|---|---|---|

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.കെ.രാജീവ് , ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | സെക്രട്ടറി, മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | കൃഷ്ണശ്രീ, കമ്പിവളപ്പിൽ ഹൗസ്, മുണ്ടുപറമ്പ്.പി.ഒ, മലപ്പുറം. |
| ശ്രീ. മൊയ്തു.പി , അസി.എൻജിനീയർ | അസി.എൻജിനീയർ,എൽ.എസ്.ജി.ഡി., മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്ത് | പടിഞ്ഞാറേതിൽ ഹൗസ്, പെരിന്താറ്റിരി.പി.ഒ, മലപ്പുറം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95<br>1995-96 | LFM-15/119/98/28.10.2010 | 1 |
| 1997-98 | LFM-14/1475/01/28.10.10 | 15 |
| 1999-00 | LFM-14/1477/01/28.10.10 | 12 |
| 2000-01 | LFM-14/720/02/28.10.10 | 12 |
| 2001-02 | LFM-11/1545/02/28.10.10 | 1 |
| 2002-03 | LFM-11/965/04/28.10.10 | 2 |
| 2003-04 | LFM-11/231/05/28.10.10 | 1 |
| 2004-05 | LFM-12/1895/08/28.10.10 | 3 |
| 2005-06 | KSAMPM-22/1954/19(1) /01.12.2020 | 2 |
| 2006-07 | KSAMPM-22/1954/19(2) /01.12.2020 | 2 |
| 2007-08 | KSAMPM-22/1954/19(3) /01.12.2020 | 2 |
| 2008-09 | KSAMPM-22/1954/19(4) /01.12.2020 | 4 |
| 2009-10<br>2010-11 | KSAMPM-22/1954/19(5) /03.12.2020 | 11 |
| 2011-12<br>2012-13 | KSAMPM-22/31/ 2020/24-07-2020 | 4 |
| 2013-14<br>2014-15 | KSAMPM-22/32/ 2020/19-05-2020 | 2 |
| 2015-16 | KSAMPM-22/33/ 2020/15-05-2020 | 4 |
| | | |

| | | |
|---|---|---|
| 2016-17 | KSAMPM-22/34/ 2020/19-05-2020 | 6 |
| 2017-18 | KSAMPM-22/34/ 2020/19-05-2020 | 9 |
| 2018-19 | KSAMPM-22/273/2021 /12.02.2021 | 23 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്